18658
24/8/17

കേരള സർക്കാർ

<u>സംഗ്രഹം</u>

വനം വന്യജീവി വകുപ്പ്- ശ്രീ.വി.ജയകൃഷ്ണ, ഡെപ്യൂട്ടി കൺസർവേറ്റർ ഓഫ് ഫോറസ്റ്ററി (റിട്ട) നെതിരായ അച്ചടക്ക നടപടി അവസാനിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**വനം വന്യജീവി (എ) വകുപ്പ്**

സ.ഉ(സാധാ)നം.323/2017/വനം തീയതി, തിരുവനന്തപുരം, 23.08.2017

പരാമർശം : 1) 11.09.2014 ലെ ഡി&പി വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ ബി6-37203/2014 നമ്പർ കത്ത്

2) 24.10.2014 ലെ 11680/എ 1/2014/വനം നമ്പർ കുറ്റപത്രവും കുറ്റാരോപണ പത്രികയും

3) 02.01.2015 ൽ ശ്രീ.വി.ജയകൃഷ്ണ, ഡെപ്യൂട്ടി കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് സമർപ്പിച്ച പ്രതിവാദ പത്രിക

4) 16.02.2015, 14.05.2015 എന്നീ തീയതികളിലെ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ ബി6-37203/2014 നമ്പർ കത്തുകൾ

5) 20.06.2015 ലെ സ.ഉ.(സാധാ) നം.274/2015/വനം ഉത്തരവ്

6) 23.06.2017 ലെ പാലക്കാട് ഈസ്റ്റേൺ സർക്കിൾ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ ഇ 1-1983/2015 നമ്പർ അന്വേഷണ റിപ്പോർട്ട്

7) 05.07.2017 ലെ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ ബി6-37203/2014 നമ്പർ കത്ത്

<u>**ഉത്തരവ്**</u>

ശ്രീ.വി.ജയകൃഷ്ണ, ഐ.എച്ച്.ആർ.ഡി വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്ററുടെ ടെക്നിക്കൽ അസിസ്റ്റന്റായി ജോലി ചെയ്തു വരവെ തെറ്റായ രേഖകൾ ഹാജരാക്കി എൽ.റ്റി.സി. ഇനത്തിൽ സർക്കാർ പണം തട്ടിയെടുക്കാൻ ശ്രമിച്ചതുമായി ബന്ധപ്പെട്ട് പരാമർശം (1) പ്രകാരമുള്ള അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ ടിയാന് സർക്കാർ

തലത്തിൽ പരാമർശം (2) പ്രകാരം കുറ്റപത്രവും കുറ്റാരോപണ പത്രികയും നൽകി.

2) ടിയാനെതിരെയുള്ള കുറ്റങ്ങൾ താഴെപ്പറയുന്നവയാണ്.

(i) വനം വകുപ്പിനെ ബോധപൂർവ്വം തെറ്റിദ്ധരിപ്പിച്ച് തെറ്റായ രേഖകൾ ഹാജരാക്കി എൽ.റ്റി.സി. ഇനത്തിൽ സർക്കാർ പണം തട്ടിയെടുക്കാൻ ശ്രമിച്ചു.

(ii) സർക്കാർ ജീവനക്കാരന്റെ പെരുമാറ്റ ചട്ടങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിച്ചു.

3) കുറ്റപത്രത്തിന് ശ്രീ.വി.ജയകൃഷ്ണ പരാമർശം (3) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രിക അംഗീകരിക്കാവുന്നതല്ലായെന്ന് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ (ഭരണം) പരാമർശം (4) പ്രകാരം അഭിപ്രായപ്പെട്ടു.

4) സർക്കാർ ടി വിഷയത്തിൽ ശ്രീ.വി.ജയകൃഷ്ണയെ നേരിൽ കേൾക്കുകയുണ്ടായി. ടിയാൻ സമർപ്പിച്ച പ്രതിവാദ പത്രികയിലെ അതേ വാദങ്ങൾ തന്നെയാണ് നേരിൽ കേട്ടപ്പോഴും ഉന്നയിച്ചത്.

5) ടിയാനെതിരെ കുറ്റപത്രത്തിലുള്ളത് ഗുരുതരമായ ആരോപണങ്ങളായതിനാലും ടിയാൻ സമർപ്പിച്ച പ്രതിവാദ പത്രിക തൃപ്തികരമല്ലാത്തതിനാലും ഇക്കാര്യത്തിൽ കൂടുതൽ തെളിവ് ശേഖരിക്കുന്നതിനും കുറ്റാരോപിതന് നിരപരാധിത്വം തെളിയിക്കാൻ ഒരവസരം നൽകുന്നതിനുമായി ഔപചാരികാന്വേഷണം നടത്തുന്നതിന് പരാമർശം (5) പ്രകാരം ഉത്തരവായി.

6) അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) പരാമർശം (6) പ്രകാരമുള്ള ഔപചാരികാന്വേഷണ റിപ്പോർട്ട് അഭിപ്രായ സഹിതം ലഭ്യമാക്കി.

7) ഔപചാരികാന്വേഷണത്തിലെ കണ്ടെത്തലുകൾ ചുവടെ ചേർക്കുന്നു.

14.09.2013 ലെ കൊച്ചി-പൂനെ യാത്ര, അതേ തീയതിയിലെ പൂനെ-ചണ്ഡീഗഢ് യാത്ര എന്നിവയ്ക്ക് ആധാരമായി സമർപ്പിച്ച ജെറ്റ് എയർവെയ്സ് ഇ-ടിക്കറ്റുകൾ, അവയുടെ പി.എൻ.ആർ നമ്പറുകൾ, ഇതു സംബന്ധിച്ച് ജെറ്റ് എയർവെയ്സിൽ നിന്നും ലഭിച്ച കത്ത് എന്നിവ പരിശോധിച്ചതിൽ കൂടിയ തുകയ്ക്ക് ബുക്ക് ചെയ്ത ടിക്കറ്റ് ക്യാൻസൽ ചെയ്യുകയും, അവസരം നോക്കി കുറഞ്ഞ തുകയ്ക്കുള്ള ടിക്കറ്റ് ബുക്ക് ചെയ്ത് അവ ഉപയോഗിച്ച് യാത്ര ചെയ്യുകയും, ക്യാൻസൽ ചെയ്ത അധിക തുകയ്ക്കുള്ള ടിക്കറ്റുകൾ യഥാർത്ഥ രേഖയായി ഹാജരാക്കി അധിക തുക കൈപ്പറ്റുവാൻ ശ്രമിച്ചതായും സമാനമായി 22.09.2013 ൽ ചെന്നൈ-തിരുവനന്തപുരം യാത്രയിൽ എയർ ഇന്ത്യ വിമാനത്തിലും കുറഞ്ഞ തുകയ്ക്കുള്ള ടിക്കറ്റിൽ യാത്ര ചെയ്ത് കൂടുതൽ തുകയ്ക്ക് ബുക്ക് ചെയ്ത് ക്യാൻസൽ ചെയ്ത ഇ-ടിക്കറ്റ് യഥാർത്ഥ രേഖയായി ഹാജരാക്കി

അധിക തുക കൈപ്പറ്റാനുള്ള ശ്രമം നടത്തിയതായും അന്വേഷണത്തിൽ കണ്ടെത്തി.

ശ്രീ.ജയകൃഷ്ണ സമർപ്പിച്ച ബില്ലിൽ ആകെ 3,84,399/-(മൂന്ന ലക്ഷത്തി എൺപത്തി നാലായിരത്തി മുന്നൂറ്റി തൊണ്ണൂറ്റി ഒൻപതു രൂപ മാത്രം) രൂപയാണ് ക്ലെയിം ചെയ്തിട്ടുള്ളത്. അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റ (മാനവശേഷി വികസനം) റുടെ ഓഫീസിൽ ഡെപ്യൂട്ടി കൺസർവേറ്റർ/ ഡ്രോയിംഗ് ആന്റ് ഡിസ്ബേഴ്സിങ്ങ് ഓഫീസറായ ശ്രീ.ജയകൃഷ്ണ പ്രസ്തുത ഫയൽ കൈകാര്യം ചെയ്ത ഉദ്യോഗസ്ഥൻ ആയിരിക്കേ നോട്ട് ഫയലിൽ 16.04.2014 ൽ സ്വയം രേഖപ്പെടുത്തിയിട്ടുള്ള കുറിപ്പിൽ പ്രസ്തുത ബില്ല് 02.01.2013 ലെ സ.ഉ.(പി)നം.5/2013/ധനം സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം തയ്യാറാക്കിയിട്ടുള്ളതാണെന്നും ആയത് കൗണ്ടർ സൈൻ ചെയ്യണമെന്നും അഭ്യർത്ഥിച്ച് കുറിപ്പ് സമർപ്പിച്ചിട്ടുള്ളതും അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) അസ്സൽ രേഖകൾ ഹാജരാക്കുവാൻ നിർദ്ദേശിച്ചപ്പോൾ ടിയാൻ 16.07.2014 ൽ തന്റെ വിശദമായ കുറിപ്പിൽ, ബില്ലിനോടൊപ്പം ഹാജരാക്കിയ രേഖകൾ എല്ലാം അസ്സൽ രേഖകൾ ആണെന്ന് ആവർത്തിച്ച് സമർത്ഥിച്ചിട്ടുള്ളതും അംഗീകരിക്കണമെന്ന് അഭ്യർത്ഥിച്ചിട്ടുള്ളതുമാണ്. ആയതിനാൽ ശ്രീ.ജയകൃഷ്ണക്കെതിരായ ചാർജ്ജുകൾ ഭാഗികമായി തെളിഞ്ഞതായി അന്വേഷണാധികാരി റിപ്പോർട്ട് ചെയ്തു.

8) എന്നാൽ ശ്രീ.ജയകൃഷ്ണയ്ക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതിന് ശിക്ഷണാധികാരിയോട് ശുപാർശ ചെയ്യുന്നതിന് മുമ്പ് ടിയാനെതിരെ, അച്ചടക്ക നടപടി സംബന്ധിച്ച മാന്വലിലെ ഖണ്ഡിക 4 പ്രകാരം ഒരു പ്രാഥമികാന്വേഷണം നടത്തുകയോ, ടിയാനിൽ നിന്നും വിശദീകരണം തേടുകയോ ചെയ്തിട്ടില്ലായെന്നും, കൂടാതെ ടിയാൻ സമർപ്പിച്ച ബിൽ മിനിസ്റ്റീരിയൽ സ്റ്റാഫ് യഥാവിധി കൈകാര്യം ചെയ്തിട്ടില്ലായെന്നും, ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് ചൂണ്ടിക്കാണിക്കുകയുണ്ടായി. ടി ബില്ലുകൾ ക്ലെയിം ചെയ്യാത്തതിനാൽ ടി വിഷയത്തിൽ സർക്കാർ നഷ്ടം ഇല്ലായെന്നും ടിയാൻ 31.07.2017 ൽ വിരമിക്കുന്ന സാഹചര്യം കൂടി കണക്കിലെടുത്ത് ടിയാന് താക്കീത് നൽകി അച്ചടക്ക നടപടി തീർപ്പാക്കുന്നതിന് പരാമർശം (7) പ്രകാരം ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് അഭിപ്രായപ്പെട്ടു.

9) മാന്വൽ പ്രകാരം ഉദ്യോഗസ്ഥനെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതിന് സർക്കാരിൽ ശുപാർശ ചെയ്യുന്നതിന് മുമ്പ് വകുപ്പ് മേധാവിയ്ക്കോ/മറ്റേതെങ്കിലും അധികാരിക്കോ അന്വേഷണ വിചാരണ

നടത്തേണ്ടത് ആവശ്യമെന്ന് തോന്നുന്ന പക്ഷം നടത്താവുന്നതാണ്. ഇവിടെ ശ്രീ.ജയകൃഷ്ണയ്ക്കെതിരെ വ്യക്തമായ തെളിവുകൾ ഉണ്ടായിരുന്നതിന്റെ അടിസ്ഥാനത്തിലാണ് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഐ.എച്ച്.ആർ.ഡി) ടിയാനെതിരെ അച്ചടക്ക നടപടിയ്ക്ക് ശുപാർശ ചെയ്തത്. ടി ശുപാർശയുടെ അടിസ്ഥാനത്തിൽ, ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ ശുപാർശയുടെ അടിസ്ഥാനത്തിലാണ് ടിയാനെതിരെ സർക്കാർ തലത്തിൽ കഠിന ശിക്ഷയ്ക്കുള്ള കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിച്ചത്. ടിയാനെതിരെയുള്ള അച്ചടക്ക നടപടിയിൽ എല്ലാ നടപടിക്രമങ്ങളും പാലിച്ചിട്ടുമുണ്ട്.

10) ഈ വിഷയം വിശദമായി പരിശോധിച്ചതിൽ ശ്രീ.വി.ജയകൃഷ്ണ ക്യാൻസൽ ചെയ്ത ടിക്കറ്റ് സമർപ്പിച്ചത് മനഃപൂർവ്വമല്ലെന്നതും നോട്ടക്കുറവു മൂലം സംഭവിച്ചു പോയതാണെന്നുമുള്ള അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റി (ഭരണം) ന്റെ അഭിപ്രായം കണക്കിലെടുക്കാവുന്നതാണ്.

11) മേൽ സാഹചര്യത്തിൽ ശ്രീ.വി.ജയകൃഷ്ണ സർവ്വീസിൽ നിന്നും വിരമിച്ചതിനാലും ടി വിഷയത്തിൽ സർക്കാർ നഷ്ടം സംഭവിച്ചിട്ടില്ലാത്തതിനാലും ടിയാനെതിരെയുള്ള അച്ചടക്ക നടപടി അവസാനിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജെയിംസ് വർഗ്ഗീസ്
അഡീഷണൽ ചീഫ് സെക്രട്ടറി

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം)
ശ്രീ.വി.ജയകൃഷ്ണ, ഡെപ്യൂട്ടി കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (റിട്ട)
(അഡീഷണൽ പ്രൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള തിരുവനന്തപുരം
പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ